**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3474** **12-03-2025 - ൽ മറുപടിയ്ക്ക്**

**കുട്ടനാടൻ കാർഷിക മേഖലയിലെ പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാടൻ കാർഷിക മേഖലയ്ക്ക് പുതിയ ഉണർവ് പകരുവാൻ ഈ സർക്കാർ നടപ്പാക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനായി 2019-20 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്ന പ്രധാന സംസ്ഥാനാവിഷ്കൃത പദ്ധതിയാണ് **കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി.** കുട്ടനാട് മേഖലയിലെ വിള ഉല്പാദനത്തിന്റെ ഭാഗമായി നടത്തുന്ന പ്രധാന പ്രവർത്തനം പാടത്തെ അധിക ജലം നീക്കം ചെയ്യൽ (de-watering) ആണ്. നിലവിലുള്ള പരമ്പരാഗത പെട്ടിയും പറയും സമ്പ്രദായം മാറ്റി പകരം ഊർജ്ജക്ഷമതയുള്ള വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ്സെറ്റുകളോ സബ് മേഴ്സിബിൾ പമ്പ്സെറ്റുകളോ സ്ഥാപിക്കുന്നതിനുള്ള ധനസഹായവും, പമ്പ്സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ഉയർന്ന തിട്ടകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായവും ഈ പദ്ധതിയിലൂടെ നൽകി വരുന്നു. കുട്ടാനാട് മേഖലയിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പ്രോജക്ടുകൾ RIDF പോലുള്ള പദ്ധതികളിൽ നിന്നുള്ള സഹായത്താലും നടപ്പാക്കി വരുന്നു.<br><br>ഇത് കൂടാതെ ഒന്നാം കുട്ടനാട് പാക്കേജ് നടപ്പാക്കിയതിൽ വന്നിട്ടുള്ള പോരായ്മകൾ ഉൾക്കൊണ്ടുകൊണ്ട്, 2447.66 കോടി രൂപയുടെ സമഗ്രമായ ഒരു പ്ലാൻ സംസ്ഥാന പ്ലാനിങ് ബോർഡ് സർക്കാരിന് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2400 കോടി രൂപയുടെ രണ്ടാം കുട്ടനാട് വികസന പാക്കേജ് നടപ്പാക്കുന്നതിനെ സംബന്ധിച്ച വിഷയം 2020-21 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്. ടി പദ്ധതിക്ക് വളരെ ഉയർന്ന തോതിലുള്ള വിഭവ സ്രോതസ്സുകൾ ആവശ്യമായതിനാൽ പതിനാറാം ധനകാര്യ കമ്മിഷന്റെ പ്രത്യേക പരിഗണനയ്ക്കായും |

പ്രൊപോസൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജ് കാര്യക്ഷമമായി നടപ്പാക്കുന്നതിനും കുട്ടനാടിന്റെ സമഗ്ര വികസനത്തിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായും കുട്ടനാട് വികസന ഏകോപന കൗൺസിൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട് .

കേരള സർക്കാരിന്റെ രണ്ടാം നൂറു ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി കുട്ടനാടിന്റെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിനുമായി കുട്ടനാട് ഏകോപന വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ബഹു മുഖ്യമന്ത്രി ചെയർമാനായി നയിക്കുന്ന കൗൺസിലിന്റെ വൈസ് ചെയർമാൻ ബഹു കൃഷി വകുപ്പ് മന്ത്രിയും കൺവീനർ / സെക്രട്ടറി ആയി ആസൂത്രണ ബോർഡ് ചീഫ് സെക്രട്ടറിയുമാണ് . വിവിധ വകുപ്പുകളുടെ മേധാവിമാർ പ്രസ്തുത കൗൺസിൽ അംഗങ്ങളായി നിയുക്തരാണ്. ആറു മാസത്തിൽ ഒരിക്കൽ കൗൺസിൽ യോഗം ചേർന്ന് കുട്ടനാട്ടിൽ നടപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ വിശകലനം നടത്തുന്നു.

ജന പ്രതിനിധികൾ, കർഷക- കർഷക കൂട്ടായ്മ പ്രതിനിധികൾ, ഉദ്യോഗസ്ഥ പ്രതിനിധികൾ എന്നിവർ അടങ്ങുന്ന ഒരു ജനകീയ സമിതിയാണ് കുട്ടനാട് വികസന ജനറൽ കൗൺസിലും എക്സിക്യൂട്ടീവ് കമ്മിറ്റിയും.

കുട്ടനാട് വികസന ഏകോപന കൗൺസിലിന്റെ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. ഇതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ ജില്ലാ ഭരണകൂടം, കാർഷിക ഗവേഷണ കേന്ദ്രങ്ങൾ, കൃഷി വകുപ്പ്, കെ എസ് ഇ ബി തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടുകൂടി കുട്ടനാട് മേഖലയിൽ കൃഷി സമയബന്ധിതമായി നടത്തുന്നതിനായി ഒരു വിള കലണ്ടർ തയ്യാറാക്കുകയും ഇതര വകുപ്പുകളുടെയും കർഷകരുടെയും യോഗം കൂടി വിള കലണ്ടർ പ്രകാരം കൃഷി നടത്തുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിലെ കർഷകരുടെ ക്ഷേമം, കാർഷിക വികസനം, കാർഷിക ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, താറാവ് കർഷകരുടെ ഉന്നമനം അനുബന്ധ മേഖലകളുടെ ഉല്പാദന വർദ്ധനവ്, ഉൾനാടൻ മത്സ്യകൃഷി പരിപോഷണം തുടങ്ങിയവയ്ക്ക് 55 ശിപാർശകകൾ ഉൾക്കൊള്ളിച്ച REBUILDING

| | | | |
|---|---|---|---|
| | | | KUTTAND (Sustainable Agriculture Development and Eco-Restoration) 2053.00 രൂപ അടങ്കലുള്ള ഒരു പദ്ധതി കുട്ടനാട് അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം, ആലപ്പുഴ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | വിവിധ കാർഷിക പദ്ധതികളുടെ സബ്സിഡികൾ യഥാസമയം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | കാർഷിക മേഖലയ്ക്ക് അനുവദിച്ച നൽകുന്ന ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുന്ന എല്ലാ പദ്ധതികൾക്കും സാമ്പത്തിക വർഷത്തിന്റെ ആദ്യ ഘട്ടത്തിൽ തന്നെ ഭരണാനുമതി ലഭിക്കുവാൻ വേണ്ടിയുള്ള നടപടി സ്വീകരിച്ചു വരുന്നു. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി സബ് ഓഫീസുകളിലേക്ക് ടി മാർഗ്ഗരേഖ നൽകുകയും പദ്ധതി നിർവ്വഹണത്തിനായുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ഇത്തരത്തിൽ പദ്ധതി നിർവ്വഹണത്തിലൂടെ യഥാസമയം ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുവാനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കുന്നു. |

സെക്ഷൻ ഓഫീസർ